നം. കൈറ്റ്/2025/1131 (3) തീയതി : 17.09.2025

## സർക്കുലർ

**വിഷയം :- കൈറ്റ് – ലിറ്റിൽ കൈറ്റ്സ് – സോഫ്റ്റ്‌വെയർ ഫ്രീഡം ഡേ ആചരണം – പ്രവർത്തനങ്ങൾ – ക്രമീകരിക്കുന്നത് സംബന്ധിച്ച്**

സൂചന:- 1. 2025-26 അദ്ധ്യയന വർഷത്തെ വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂൾ പ്രവർത്തന കലണ്ടർ.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.09.2025 ലെ DGE/19094/2025- NEP 1 നമ്പർ സർക്കുലർ.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനം ആചരിക്കുന്നതിന് സൂചന രണ്ട് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൈറ്റിന്റെ നേതൃത്വത്തിൽ ജില്ലാ കേന്ദ്രങ്ങളിലും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ വിദ്യാലയങ്ങളിലും വിവിധ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കൈറ്റിന്റെ ജില്ലാ ഓഫീസ് കേന്ദ്രീകരിച്ച് സെപ്റ്റംബർ 20 ന് ഉച്ചക്ക് 02.00 മണി മുതൽ സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട പരിപാടികൾ ക്രമീകരിക്കേണ്ടതാണ്.

2. അന്നേദിവസം ഉച്ചയ്ക്ക് 02.00 മണിക്ക് നടക്കുന്ന സംസ്ഥാനതല ഉദ്ഘാടന പരിപാടികൾ ഓൺലൈനായി വീക്ഷിക്കുന്നതിന് ജില്ലാതല പരിപാടികളിൽ പങ്കെടുക്കുന്നവർക്ക് അവസരം ഒരുക്കേണ്ടതാണ്. താത്പര്യമുള്ള അധ്യാപകർക്ക് ജില്ലാതല പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

3. സ്കൂൾ തലത്തിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ നേതൃത്വത്തിൽ സെപ്റ്റംബർ 22 മുതൽ 27 വരെ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

    1. സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ ഉൾപ്പെടുന്ന പോസ്റ്റർ രചന (ഇത്തരത്തിൽ തയ്യാറാക്കുന്ന മികച്ച പോസ്റ്ററുകൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കാവുന്നതാണ്).

    2. ഫ്രീ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ഫെസ്റ്റ്.

3. വിദ്യാലയങ്ങളിൽ റോബോട്ടിക് പഠനത്തിനായി വിതരണം ചെയ്തിട്ടുള്ള റോബോട്ടിക് കിറ്റുകൾ ഉപയോഗിച്ചുള്ള വിവിധ പ്രവർത്തനങ്ങളുടെ പ്രദർശനം.

4. പത്താം ക്ലാസ് കുട്ടികൾക്ക് റോബോട്ടിക് കിറ്റിന്റെ പ്രവർത്തനം പരിചയപ്പെടുത്തുന്നതിനുള്ള പരിശീലന പ്രവർത്തനങ്ങൾ.

5. കുട്ടികൾക്കും മുതിർന്നവർക്കുമുള്ള വിവിധ ക്ലാസുകൾ/ സെമിനാറുകൾ.

6. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചരണത്തിനുതകുന്ന മറ്റു പരിപാടികൾ.

4. വിദ്യാലയങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് മാസ്റ്റർ ട്രെയിനർമാർ ആവശ്യമായ പിന്തുണ നൽകേണ്ടതാണ്.

5. സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്ത് സ്കൂൾവിക്കിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ വർഷത്തെ സ്കൂൾ വിക്കി അവാർഡിന് ഒരു പ്രധാന ഇനമായി ഇത് പരിഗണിക്കുന്നതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും – ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
സ്റ്റോക്ക് ഫയൽ